# പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2829 | 13.03.2020-ലെ മറുപടിയ്ക്ക് |
|---|---|

**തങ്കളം-കോഴിപ്പിള്ളി ന്യൂ ബൈപാസ് റോഡിന് സ്ഥലം ഏറ്റെടുക്കൽ**

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ | ഉത്തരം<br>ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | കോതമംഗലം മണ്ഡലത്തിലെ തങ്കളം-കോഴിപ്പിള്ളി ന്യൂ ബൈപാസ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് കോതമംഗലം മുനിസിപ്പാലിറ്റിയുടേയും, എക്സൈസ് വകുപ്പിന്റേയും സ്ഥലം ഏറ്റെടുക്കുവാൻ ഡിപ്പാർട്ട്മെന്റ് തലത്തിൽ തീരുമാനം കൈക്കൊള്ളുവാനായി വിശദമായ പ്ലാനും, സർവ്വേ നമ്പരും അടക്കം ജില്ലാ കളക്ടർക്ക് എം.എൽ.എ. നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത കത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ; | (ബി) യും (സി) യും | കോതമംഗലം മണ്ഡലത്തിലെ തങ്കളം-കോഴിപ്പിള്ളി ന്യൂ ബൈപാസ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് കോതമംഗലം മുനിസിപ്പാലിറ്റി യുടെ കൈവശമിരിക്കുന്ന 17.60 ആർ വസ്തുവും എക്സൈസ് വകുപ്പിന്റെ കൈവശത്തിലിരിക്കുന്ന 2.58 ആർ വസ്തുവും ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ആയതിന്റെ സമ്മതപത്രം ഹാജരാക്കുവാൻ പൊതുമരാമത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കോതമംഗലം തഹസിൽദാർ കത്ത് നൽകിയിട്ടുണ്ട്. സമ്മതപത്രം ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത ബൈപ്പാസ് റോഡ് നിർമ്മാണത്തിനായി സർക്കാർ വകുപ്പുകളുടെ കൈവശമുള്ള സ്ഥലം ഏറ്റെടുക്കുവാൻ അതാത് വകുപ്പ് തലത്തിൽ തീരുമാനമെടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ